**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1092** **12-06-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷൻ കേരളത്തിൽ ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിൽ ജലജീവൻ മിഷൻ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020 ഒക്ടോബറിലാണ്. |
| (ബി) | എത്ര മാസം കൊണ്ടാണ് ഈ മിഷൻ പൂർത്തീകരിക്കേണ്ടതെന്നും എത്ര ശതമാനം പ്രവൃത്തി ഇപ്പോൾ പൂർത്തീകരിച്ചുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ജലജീവൻ മിഷൻ പദ്ധതി 2019-20 സാമ്പത്തിക വർഷത്തിലാണ് ദേശിയതലത്തിൽ ആരംഭിച്ചത്. കേന്ദ്ര സർക്കാർ മാനദണ്ഡമനുസരിച്ച് അഞ്ചു വർഷ കാലാവധിയാണ് പദ്ധതി പൂർത്തീകരണത്തിനായി അനുവദിച്ചിട്ടുള്ളത്.<br><br>സംസ്ഥാനത്ത് പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020 ഒക്ടോബറിലാണ്. നിലവിൽ സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി 36.03% പൂർത്തീകരിച്ചുകഴിഞ്ഞു. ജില്ലതിരിച്ചുള്ള വിവരം <u>അനുബന്ധം 1</u> ആയി ചേർക്കുന്നു; |
| (സി) | സംസ്ഥാനത്ത് എത്ര വീടുകൾക്കാണ് പ്രസ്തുത മിഷൻ പ്രകാരം വെള്ളം ലഭിക്കുക എന്ന് വ്യക്തമാക്കുമോ; | (സി) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 5445342 കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് അനുമതി നല്കിയിട്ടുള്ളത്. |
| (ഡി) | ഉപഭോക്താവോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ഇതിനുവേണ്ടി പണം കണ്ടെത്തേണ്ടതുണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകാമോ; | (ഡി) | ജലജീവൻ മിഷൻ പദ്ധതിക്കായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡപ്രകാരം പദ്ധതി ചെലവിന്റെ 10% ഗുണഭോക്തൃവിഹിതമാണ്. ബാക്കി തുക കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ വഹിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് പദ്ധതിയുടെ സംസ്ഥാനവിഹിതത്തിൽ 15% ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനനവിഹിതവും ബാക്കി സംസ്ഥാന വിഹിതവുമായാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (ഇ) | കേരളത്തിൽ ജലജീവൻ പദ്ധതി നടപ്പിലാക്കുമ്പോൾ എത്ര രൂപ ചെലവാകും; ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ഇ) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 44714.80 കോടി രൂപയുടെ പ്രവർത്തികൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളത്. ജില്ലതിരിച്ചുള്ള വിവരം <u>അനുബന്ധം 2</u> ആയി ചേർക്കുന്നു; |

| | | | |
|---|---|---|---|
| (എഫ്) | കേന്ദ്രവിഹിതത്തിന്റെയും സംസ്ഥാന വിഹിതത്തിന്റെയും തോത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ; | (എഫ്) | ജലജീവൻ മിഷൻ പദ്ധതിക്കായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡപ്രകാരം പദ്ധതി ചെലവിന്റെ 10% ഗുണഭോക്തൃവിഹിതമാണ്. ബാക്കി തുക കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ വഹിക്കേണ്ടതുണ്ട്. |
| (ജി) | കേരളം വിഹിതം നൽകാത്തത് കൊണ്ട് 2023-24 സാമ്പത്തിക വർഷം കേന്ദ്രം ഫണ്ട് തടഞ്ഞു എന്ന പാർലമെന്റിൽ എഴുതി നൽകിയ ജൽശക്തി മന്ത്രിയുടെമറുപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; ജലജീവൻ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്കു കുടിശികമായി എത്ര രൂപയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ജി) | 2023-24 സാമ്പത്തിക വർഷം ജലജീവൻ മിഷൻ പദ്ധതിക്കായി കേന്ദ്ര സർക്കാർ വകയിരുത്തിയിരുന്നത് 1342.36 കോടി രൂപയാണ്. ഇതിൽ കേന്ദ്രവിഹിതമായി 335.59 കോടി രൂപ വീതം രണ്ടു ഘട്ടങ്ങളായി 671.18 കോടി രൂപ ലഭിച്ചിരുന്നു. ഇതിൽ കേന്ദ്ര വിഹിതത്തിന്റെ ഒന്നാം ഘട്ട തുകക്ക് ആനുപാതികമായുള്ള സംസ്ഥാനവിഹിതമായ 327.76 കോടി രൂപ പൂർണമായും ഒറ്റ ഗഡുവായി ലഭിച്ചിരുന്നു. എന്നാൽ രണ്ടാം ഘട്ടമായി 2023 ഒക്ടോബർ മാസത്തിൽ ലഭിച്ച 335.59 കോടിരൂപയുടെ സംസ്ഥാനവിഹിതം രണ്ടു ഗഡുക്കളായാണ് ലഭിച്ചത്. ഇതിൽ ആദ്യ ഗഡുവായി 160 കോടി രൂപ 2024 ജനുവരി മാസത്തിൽ ലഭിച്ചിരുന്നു. എന്നാൽ ബാക്കി തുകയായ 167.76 കോടിരൂപ 22.03.2024 -ൽ ആണ് ലഭിച്ചത്. ഇതിനെ തുടർന്ന് വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റ് റിപ്പോർട്ടും മറ്റ് അനുബന്ധ രേഖകളും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും പദ്ധതിവിഹിതത്തിന്റെ തുടർന്നുള്ള ഗഡുക്കൾ ലഭ്യമായില്ല. ജലജീവൻ മിഷൻ പദ്ധതിയുടെ മാനദണ്ഡപ്രകാരം കേന്ദ്ര വിഹിതം ലഭ്യമായിക്കഴിഞ്ഞാൽ 15 ദിവസത്തിനുള്ളിൽ സംസ്ഥാനവിഹിതം ജലജീവൻ മിഷൻ പദ്ധതിയുടെ നോഡൽ അക്കൗണ്ടിൽ ലഭ്യക്കേണ്ടതാണ്.<br><br>നിലവിൽ ജലജീവൻ മിഷൻ പ്രവർത്തികൾ പൂർത്തിയാക്കിയവകയിൽ കരാറുകാർക്ക് 3281.28 കോടി രൂപ നല്കുവാനുണ്ട്. ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത് വിവിധ ഡിവിഷനുകളാണ്. കുടിശ്ശിക തുകയുടെ ഡിവിഷൻതിരിച്ചുള്ള കണക്ക് അനുബന്ധം 3ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം 1</u>**

| **ജില്ല** | **ജലജീവൻ മിഷൻ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള കണക്ഷനുകൾ** | **നാളിതുവരെ നൽകിയ കണക്ഷനുകൾ** | **പുരോഗതി (ശതമാനത്തിൽ)** |
|---|---|---|---|
| തിരുവനന്തപുരം | 524194 | 269771 | 51.46 |
| കൊല്ലം | 446930 | 277739 | 62.14 |
| പത്തനംതിട്ട | 273171 | 78861 | 28.87 |
| കോട്ടയം | 373493 | 108490 | 29.05 |
| ആലപ്പുഴ | 378352 | 158902 | 42.00 |
| ഇടുക്കി | 241261 | 42152 | 17.47 |
| എറണാകുളം | 346467 | 138485 | 39.97 |
| തൃശ്ശൂർ | 438834 | 126561 | 28.84 |
| പാലക്കാട് | 497280 | 218368 | 43.91 |
| മലപ്പുറം | 652951 | 209107 | 32.02 |
| കോഴിക്കോട് | 526159 | 113857 | 21.64 |
| വയനാട് | 148944 | 23572 | 15.83 |
| കണ്ണൂർ | 376986 | 158665 | 42.09 |
| കാസർഗോഡ് | 220320 | 37658 | 17.09 |
| **ആകെ** | **5445342** | **1962188** | **36.03** |

**<u>അനുബന്ധം 2</u>**

| **ജില്ല** | **ഭരണാനുമതി തുക (കോടിയിൽ)** |
|---|---|
| തിരുവനന്തപുരം | 3051.11 |
| കൊല്ലം | 2405.57 |
| പത്തനംതിട്ട | 2947.95 |
| കോട്ടയം | 4132.06 |
| ആലപ്പുഴ | 2820.67 |
| ഇടുക്കി | 1667.98 |
| എറണാകുളം | 2716.91 |
| തൃശ്ശൂർ | 4012.36 |
| പാലക്കാട് | 3576.75 |
| മലപ്പുറം | 5987.09 |
| കോഴിക്കോട് | 4508.95 |
| വയനാട് | 1294.76 |
| കണ്ണൂർ | 3535.52 |
| കാസർഗോഡ് | 2057.12 |
| **ആകെ** | **44714.8** |

**അനുബന്ധം 3**

| ഡിവിഷൻ | കുടിശിവ തുക (കോടിയിൽ) |
|---|---|
| HEADWORKS DIVISION, ARUVIKKARA | 21.18 |
| JNNURM PROJECT DIVISION, KOCHI | 34.95 |
| Kerala Rural Water Supply and Sanitation Agency (KRWSA) | 29.32 |
| KERALA WATER AUTHORITY PD NATTIKA | 188.39 |
| KWA PH DIVISON, MUVATTUPUZHA | 21.51 |
| KWA PROJECT DIVISION, ADOOR | 102.94 |
| KWA PROJECT DIVISION, THIRUVANANTHAPURAM | 115.51 |
| KWA- QC DIVISION, KOCHI, NETTOOR | 1.34 |
| KWA-KIIFB-PIU- ALAPPUZHA | 11.65 |
| KWA-PH DIVISION IRINJALAKUDA | 66.42 |
| KWA-PH DIVISION- KOTTARAKKARA | 32.10 |
| KWA-PH DIVISION, KOZHIKKODE | 40.90 |
| KWA-PH DIVISION-PALAKKAD | 7.49 |
| KWA-PH DIVISION-SULTHAN BATHERY | 48.26 |
| KWA-PH DIVISION-THODUPUZHA | 9.63 |
| KWA-PH DIVISON-ALAPPUZHA | 2.24 |
| KWA-PH DIVISON-KADUTHURUTHY | 23.49 |
| KWA-PROJECT DIVISION, KATTAPPANA | 190.05 |
| KWA-PROJECT DIVISION, KOLLAM | 82.76 |
| KWA-PROJECT DIVISION, KOZHIKKODE | 487.47 |
| KWA-PROJECT DIVISION-MATTANNUR | 64.54 |
| KWA-QUALITY CONTROL DIVISION, THIRUVANANTHAPURAM | 2.51 |
| KWA-WATER SUPPLY DIVISION, ATTINGAL | 2.90 |
| KWA-WATER SUPPLY DIVISION-NEYYATTINKARA | 70.50 |
| KWA-WATER SUPPLY PROJECT DIVISION, PALAKKAD | 182.77 |
| Meenachil Malankara Project Division | 58.30 |
| PH DIVISION , SHORNUR | 14.56 |
| PH DIVISION KASARGOD | 68.40 |
| PH DIVISION KOTTAYAM | 28.21 |

| | |
|---|---|
| PH DIVISION THRISSUR | 61.43 |
| PH DIVISION, ALUVA | 10.55 |
| PH DIVISION, KOCHI | 0.19 |
| PH DIVISION, KOLLAM | 27.77 |
| PH DIVISION, MALAPPURAM | 91.28 |
| PH DIVISION, PATHANAMTHITTA | 33.82 |
| PH DIVISION, SOUTH, THIRUVANANTHAPURAM | 0.14 |
| PH DIVISION, THIRUVALLA | 54.51 |
| PH DIVISION, VADAKARA | 88.57 |
| PROJECT DIVISION CHITTOOR | 75.48 |
| Project Division Kanhangad | 30.71 |
| Project Division Painavu | 1.32 |
| PROJECT DIVISION, KOTTAYAM | 41.84 |
| PROJECT DIVISION, MALAPPURAM | 280.26 |
| PROJECT DIVISION, PERUMBAVOOR | 151.34 |
| PROJECT DIVISION, KANNUR | 88.28 |
| PUBLIC HEALTH DIVISION OFFICE, EDAPPAL | 118.70 |
| QUALITY CONTROL DIVISION, KOZHIKKODE | 0.66 |
| UIDSSMT, PROJECT DIVISION, ALAPPUZHA | 46.48 |
| WATER SUPPLY DIVISION, KANNUR | 32.08 |
| WATER SUPPLY DIVISON, TALIPARAMBA | 35.32 |
| WS DIVISION KOCHI | 0.29 |
| **Total** | **3281.28** |